# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1124 11.06.2019 ൽ മറുപടിക്ക്**

**കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 2013 ജൂണിൽ ആരംഭിച്ച കെ.എസ്.ടി.പി.യുടെ (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്) രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | എ) കെ.എസ്.റ്റി.പി യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണഘട്ടത്തിലും, 2എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ആരംഭിച്ചിട്ടുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ - പൊൻകുന്നം റോഡ് ലോക ബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ് . |
| ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്; ഇതിൽ എത്ര പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്; വിശദാംശങ്ങൾ | ബി) ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ) യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | |
|---|---|---|
| | നൽകുമോ; | ഇതിൽ 4 പാക്കേജുകൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിൽ 2 പാക്കേജുകൾ പൂർത്തീകരണഘട്ടത്തിലും 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | പ്രോജക്ട് ഡയറക്ടറെ ഇടക്കിടെ മാറ്റുന്നത് പദ്ധതി നടത്തിപ്പിന് തടസ്സമാകുന്നുണ്ടോ; ഇക്കാര്യം ലോക ബാങ്ക് ചൂണ്ടിക്കാണിക്കുകയുണ്ടായോ; | സി) നിലവിൽ കെ.എസ്.റ്റി.പി യ്ക്ക് സ്ഥിരമായി പ്രോജക്ട് ഡയറക്ടർ ഉണ്ട്. |
| ഡി) | പദ്ധതിയുടെ കാലാവധി ഇപ്പോൾ ഏതുവരെയാണ് ലോകബാങ്ക് നീട്ടിനൽകിയിരിക്കുന്നത്; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ? | ഡി) പദ്ധതിയുടെ കാലാവധി 30.04.2021 വരെ നീട്ടി നൽകുന്നതിന് ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി അവലോകന യോഗങ്ങൾ നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിർമ്മാണ പ്രവൃത്തി തുടങ്ങിയ തീയതി | നിർമ്മാണം പൂർത്തിയാക്കുന്ന തീയതി | ഇപ്പോഴത്തെ നിർമ്മാണ പുരോഗതി (%) | റിമാർക്സ് |
|---|---|---|---|---|---|---|
| UG-3A | തലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ.) | 156.34 | 20.05.2016 | 31.03.2019 (സമയം 31.10.2019 വരെ നൽകിയിട്ടുണ്ട്) ( ഇരഞ്ഞോളി പാലം ഒഴികെ) | 60 | പണി പുരോഗമിക്കുന്നു പാലത്തിന് 30.12.2019 വരെ നീട്ടി നൽകിയിട്ടുണ്ട് |
| UG-3B | കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ.) | 209.68 | 16.08.2016 | 30.04.2019 (സമയം 15.07.2019 വരെ നൽകിയിട്ടുണ്ട്) (ഇരിട്ടി-കൂട്ടുപുഴ പാലം ഒഴികെ) | 80 | പണി പുരോഗമിക്കുന്നു. പാലങ്ങൾക്ക് 31.12.2019 വരെ നീട്ടി നൽകിയിട്ടുണ്ട്. |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3കി.മീ.) | 31.80 | 29.12.2018 | 28.09.2019 | 20 | പണി പുരോഗമിക്കുന്നു |
| UG-4B | തിരുവല്ല ടൗൺ (1.90കി.മീ) | 7.77 | 29.12.2018 | 28.09.2019 | - | വാട്ടർ യൂട്ടിലിറ്റി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |
| UG-8 | പുനലൂർ -പൊൻകുന്നം റോഡ് EPC മാതൃകയിൽ (82 കി.മീ) | 728 (എസ്റ്റിമേറ്റ് തുക) | --- - | - | ഈ മൂന്ന് പാക്കേജുകളുടെയും ടെൻഡർ ഇവാല്യുവേഷൻ നടപടികൾ നടന്നുവരുന്നു. | EPC മാതൃകയിൽ തരംതിരിച്ച 3 പാക്കേജുകളുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>8എ- പുനലൂർ മുതൽ കോന്നി വരെ (ചെയിനേജ് 00+000/29+840)<br>8ബി - കോന്നി മുതൽ പ്ലാച്ചേരി വരെ (ചെയിനേജ് 29+840/60+000) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പൊൻകുന്നം വരെ (ചെയിനേജ്: 60+000/82+173)<br><br>ടേസി- പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ (ചെയിനേജ്: 60+000/82+173) |
| 8 | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80. കി.മീ) | 146.63 | 28.12.2016 | 30.09.2019 വരെ കരാർ നീട്ടിയിട്ടുണ്ട്. | 65.29 | ബി.സി ഓവർലേ പണികൾ 87% പൂർത്തിയായി. റോഡ് സുരക്ഷാ വർക്കുകൾ പുരോഗമിക്കുന്നു. |

(സി) നിലവിൽ കെ.എസ്.റ്റി.പിയ്ക്ക് സ്ഥിരമായി പ്രോജക്ട് ഡയറക്ടർ ഉണ്ട്.

(ഡി) പദ്ധതിയുടെ കാലാവധി 30.04.2021 വരെ നീട്ടി നൽകുന്നതിന് ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി സർക്കാർ തലത്തിൽ അവലോകനയോഗങ്ങൾ നടത്തുകയും ആയതിനുവേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ